**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3701** **27-06-2024 - ൽ മറുപടിയ്ക്ക്**

**ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്ക്-ന് സ്ഥലം അനുവദിക്കുകയും ആയതിൽ നിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിക്കുകയും ചെയ്യുന്നു. നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി 30 വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information system, ഷോപ്പ് ഓൺ വീൽസ്, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും, ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനും ഉള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇടനിലക്കാർ ഇല്ലാതെ കെ.എസ്.ആർ.ടി.സി. മാർക്കറ്റിങ് എക്സിക്യൂട്ടിവുകൾ മുഖേന നേരിട്ട് Low Floor ഉൾപ്പെടെയുള്ള ബസുകളിൽ പരസ്യം പതിച്ചു വരുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും, എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസുകളിലും വ്യാപിപ്പിക്കുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണവും അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി Restaurant cum Supermarket തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ബസുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശത്തോടു കൂടി Snacks Box സ്ഥാപിക്കുവാനുള്ള നടപടികളും, ബസിലെ Seat Cover-ലും Hand rail-ലും പരസ്യം പതിക്കുന്നതിനും ടെണ്ടർ ക്ഷണിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് വരുന്നു.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരുന്നത്.

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.

"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ / ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകി വരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | | | |
|---|---|---|---|
| | | | നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 05.2024 മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും കൂടാതെ വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണ കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിനുള്ള ലൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും, രണ്ടാം ഘട്ടത്തിൽ 6 യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്‌ലെറ്റുകളും ഇതിനകം ആരംഭിച്ചിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട് ലെറ്റായ പെരുമ്പാവൂർ യാത്രാഫ്യുവൽ ഔട്ട് ലെറ്റ് സജ്ജമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ